**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - മണർകാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. അനിത എം. തോമസിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2409/2018/തസ്വഭവ          തീയതി, തിരുവനന്തപുരം, 11.09.2018

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.01.2015-ലെ ഇ 5(എസ് സി 68/2014/കെടിഎം) 28790/2014 നമ്പർ കത്ത്

2. സർക്കാരിന്റെ 05.10.2015-ലെ 175/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീമതി. അനിത എം. തോമസ് സമർപ്പിച്ച 26.12.2015-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 30.04.2016-ലെ ഡി5-37277/2015 നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്തിലെ സേവനത്തിൽ നിന്നും വിരമിച്ച ലൈബ്രേറിയന്റെയും, ഡ്രൈവറുടെയും സഹായത്തോടുകൂടി മണർകാട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെത്തുന്ന പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതിയിൽ സൂചിപ്പിക്കുംപ്രകാരമുള്ള ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുമുണ്ട്. തുടർന്ന് നിയമാനുസൃത കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല, കെട്ടിടനിർമ്മാണ പെർമ്മിറ്റുകൾ നൽകുന്നതിൽ കാലതാമസം വരുത്തി എന്നീ വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.അനിത എം തോമസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. അനിത എം. തോമസിന് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. അനിത എം. തോമസ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി പ്രവേശിക്കുന്നതിന് മുമ്പ് ലഭിച്ച അപേക്ഷ പ്രകാരം കൊടുക്കേണ്ടിയിരുന്ന ബിൽഡിംഗ് പെർമ്മിറ്റിനാണ് കാലതാമസം ഉണ്ടായതെന്നും താൻ അവിടെ ജോലി ചെയ്തിരുന്ന സമയത്ത് ബിൽഡിംഗ് പെർമ്മിറ്റ് ഒന്നും

രജിസ്റ്ററിൽ ചേർക്കാതെയോ താമസിച്ചോ നൽകിയിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. അനിത എം. തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അനിത എം. തോമസിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയതിനാൽ ശ്രീമതി. അനിത എം. തോമസിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീമതി. അനിത എം. തോമസിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സലിം ഗോപാലിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. സലിം ഗോപാൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. ശ്രീമതി. അനിത എം. തോമസ്, മുൻ സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/175/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ